

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1065/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 22/07/2024
ഇ-മെയിൽ:
doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ജോയിന്റ് ഡയറക്ടർ, എൽ എസ് ജി ഡി ,കണ്ണൂർ(ഇ മെയിൽ)

2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസിൽ)

3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1065/24 തീയ്യതി: 22/07/2024

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2023 മുതൽ 20-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജയരാജൻ.കെ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	21-06-2024	27-06-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-06-2024	27-06-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.സിന്ധു.ടി.പി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2.റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3.ധന്യ. എം. വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

4.പ്രമോദ്. കെ, ഓഡിറ്റർ

5.ഗോകുൽ . ഡി. കെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.പ്രമീള. പി. കെ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.രജീഷ്.ആർ.നാഥ്	സെക്രട്ടറി	01-04-2023	02-07-2023
ശ്രീമതി.പ്രസീത.കെ.വി	സെക്രട്ടറി	03-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.നിഷ.വി.വി.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീമതി.ദീപ.പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	10-10-2023
ശ്രീ.ജയരാജൻ	അസിസ്റ്റന്റ് എഞ്ചിനീയർ	11-10-2023	31-03-2024
ശ്രീമതി.സീമ സഹദേവൻ	അസിസ്റ്റന്റ് ഡയറക്ടർ, കൃഷി	01-04-2023	31-03-2024
ശ്രീമതി.ജീന.സി	പട്ടികജാതി വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീ.ജയൻ.എം.വി	ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീ.ലിജി.കെ.സി	ഇൻഡസ്ട്രിയൽ	01-04-2023	30-09-2023

	എക്സ്ടെൻഷൻ ഓഫീസർ		
ശ്രീ.ജീനു.ജെ	ഇൻഡസ്ട്രിയൽ എക്സ്ടെൻഷൻ ഓഫീസർ	01-10-2023	12-10-2023
ശ്രീ.അഖിൽ.കെ	ഇൻഡസ്ട്രിയൽ എക്സ്ടെൻഷൻ ഓഫീസർ	13-10-2023	31-03-2024
ഡോ.മായ.കെ	മെഡിക്കൽ ഓഫീസർ,സി എച്ച് സി	01-04-2023	10-07-2023
ഡോ.പ്രിയ	മെഡിക്കൽ ഓഫീസർ,സി എച്ച് സി	11-07-2023	31-10-2023
ഡോ.മായ.കെ	മെഡിക്കൽ ഓഫീസർ,സി എച്ച് സി	01-11-2023	31-03-2024
ശ്രീമതി.നന്ദിനി.കെ	സി ഡി പി ഒ	01-04-2023	31-03-2024
ശ്രീമതി.സുജയ വി കെ	സി ഡി പി ഒ, അഡിഷണൽ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ക്യാഷ് ഫ്ലോ പത്രിക	1-1-1
3	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല	1-1-2
4	ബി 4, ബി 17 ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-3
5	ആസ്തി , തേയ്മാനക്കണക്കുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല	1-1-4
6	ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത ആസ്തികളുടെ മൂല്യം ബി 11 ഷെഡ്യൂളിൽ ഉൾപ്പെടുത്തി	1-1-5
7	ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.	1-1-6
8	സുലേഖ ചെലവു പത്രികയിലെ കണക്കുകളും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-7
9	ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	ക്യാഷ് ബാലൻസ് പരിശോധന	1-6
15	ആഭ്യന്തര നിയന്ത്രണം	1-7
16	ഭരണ സമിതി മീറ്റിംഗ് മിനുട്ട്സ്, സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിംഗ് മിനുട്ട്സ് ഇവ അംഗീകാരത്തിനയക്കുന്നതിനും അംഗീകരിക്കുന്നതിനും കാലതാമസം വരുത്തുന്നു.	1-8
17	ഓൺഗ്രിഡ് സോളാർ പാനൽ - കെ എസ് ഇ ബി യിൽ നിന്നുള്ള വിഹിതം ലഭ്യമായിട്ടില്ല	1-9
18	കെട്ടിട വാടക വരവ് - പൊതു അപാകങ്ങൾ	1-10
19	സി എച്ച് സി ഇരിവേരി - എച്ച് എം സി കണക്കുകൾ തയ്യാറാക്കി ഓഡിറ്റിൽ സമർപ്പിച്ചിട്ടില്ല	1-11
20	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല -₹1936850 തടസ്സപ്പെടുത്തുന്നു.	1-12
21	കൊയ്യോട് വ്യവസായ എസ്റ്റേറ്റിൽ ബോർവെൽ നിർമ്മാണം -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല- ₹127000 തടസ്സപ്പെടുത്തുന്നു.	1-13

22	സമഗ്ര തുടർ സാക്ഷരതാ പരിപാടി - പട്ടികജാതി വിഭാഗത്തിൽ പെടുന്ന പഠിതാവിന് കോഴ്സ് ഫീസ് അടവാക്കി.₹2600യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-14
23	ആർ ആർ.എഫ് കേന്ദ്രത്തിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ -പ്രവർത്തനക്ഷമമാക്കിയിട്ടില്ല.₹552850 തടസ്സപ്പെടുത്തുന്നു.	1-15
24	സൈലേജ് ടിഎം ആർ നിർമ്മാണ യൂണിറ്റ് നിർമ്മാണം - പ്രൊക്യൂർമെൻറ് കമ്മിറ്റി/ഭരണസമിതിയുടെ അനുമതിയില്ലാതെ തുക ചെലവഴിച്ചതും മറ്റ് അപാകങ്ങളും - ₹1000000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-16
25	സ്വാഭിമാൻ പദ്ധതി-രേഖകൾ ഹാജരാക്കാത്തത് -₹3250 തടസ്സപ്പെടുത്തുന്നു.	1-17
26	സ്ത്രീ പദവി പഠനം-അപാകങ്ങൾ.	1-18
27	സ്ത്രീ പദവി പഠനം വുമൺ ഫെസിലിറ്റേറ്റർമാരുടെ ഓണറേറിയം നൽകൽ-രേഖകൾ ഹാജരാക്കിയില്ല-₹99733 തടസ്സപ്പെടുത്തുന്നു.	1-19
28	ഇരിവേരി വിജ്ഞാൻ വാടിയിൽ ഫർണിച്ചർ, സൗണ്ട് സിസ്റ്റം വാങ്ങൽ-പദ്ധതി പൂർത്തിയായില്ല-₹1,15,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-20
29	സി.എച്ച്.സി.ഇരിവേരിയിൽ മരുന്നു വാങ്ങൽ -രേഖകൾ ഹാജരാക്കിയിട്ടില്ല-₹ 794520 തടസ്സപ്പെടുത്തുന്നു.	1-21
30	മരുന്നു വാങ്ങൽ,സി.എച്ച്.സി. ഇരിവേരി-രേഖകൾ ഹാജരാക്കിയിട്ടില്ല-₹3160524 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-22
31	കണ്ണൂർ ഫൈറ്റ് ക്യാൻസർ സമഗ്ര കാൻസർ നിയന്ത്രണ പദ്ധതി-അപാകങ്ങൾ.₹ 99999 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-23
32	മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകങ്ങൾ-100000രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു	1-24
33	പാലിയേറ്റീവ് കെയർ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ -₹ 86220 തടസ്സപ്പെടുത്തുന്നു.	1-25
34	സെക്കണ്ടറി പാലിയേറ്റീവ്-രേഖകൾ ഹാജരാക്കിയില്ല-₹438120 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-26
35	കോയ്യോട് വ്യവസായ എസ്റ്റേറ്റിൽ ടോയ് ലെറ്റ് നിർമ്മാണം- നടപടിക്രമങ്ങൾ പാലിക്കാതെയും പിഴ ഈടാക്കാതെയും ദീർഘീകരണം അനുവദിച്ചു	1-27
36	അസിസ്റ്റന്റ് എഞ്ചിനീയർ-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ	1-28

37	പൊതുമരാമത്ത് പ്രവൃത്തി -സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കേണ്ടതാണ്	1-29
38	മാലിന്യ സംസ്കരണം-അവലോകനം	1-30
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ,വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	ധനകാര്യ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത്രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.05.2024 തീയതിയിലെ 1(1)/2024 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 03.06.2024 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2024 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
തീയതി: 22.07.2024

1-1-1 ക്യാഷ് ഫ്ലോ പത്രിക

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. വിവിധ ശീർഷകങ്ങളിൽ ചേർത്തിരിക്കുന്ന തുകകൾ വാർഷിക ധനകാര്യ പത്രികയിലെ അതത് ശീർഷകങ്ങളിൽ വരുന്ന തുകയുമായും പൊരുത്തപ്പെടുന്നില്ല.

1-1-2 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ്, ചട്ടം 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ്

ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
ഐ കെ എം മായി ബന്ധപ്പെട്ട് പ്രസ്തുത പത്രികകൾ ധനകാര്യ പത്രികയുടെ ഭാഗമാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

1-1-3 ബി 4, ബി 17 ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

1.ഐ സി ഡി എസ് കേന്ദ്രവിഹിതം -മുൻവർഷത്തെ ബാലൻസ് ഷീറ്റിലും നീക്കിയിരിപ്പായി കാണിച്ചതും തൻവർഷവും നീക്കിയിരിപ്പായി തുടരുന്നതുമായ 8,96,778 രൂപ സംബന്ധിച്ച വിവരങ്ങൾ തൻവർഷത്തെ ബി 17 ഷെഡ്യൂളിൽ വന്നിട്ടില്ല. തുക ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടില്ല.

2.പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ബി 4 ഷെഡ്യൾ പ്രകാരമുള്ള നീക്കിയിരിപ്പ് 1,03,65,477 രൂപയും ബി 17 പ്രകാരമുള്ള നീക്കിയിരിപ്പ് 1,03,86,176 രൂപയുമാണ്.

1-1-4 ആസ്തി , തേയ്മാനക്കണക്കുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി, തേയ്മാനം ഇവ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.
ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും കൃത്യമായ കണക്കുകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

1-1-5 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത ആസ്തികളുടെ മൂല്യം ബി 11 ഷെഡ്യൂളിൽ ഉൾപ്പെടുത്തി

1.ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ റോഡുകൾ ഇല്ല. എന്നാൽ ആയതിന്റെ ആസ്തിമൂല്യമായി ബി 11 ഷെഡ്യൂളിൽ 23568225രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ ഡിപ്രീസിയേഷൻ ഇനത്തിൽ 15244349രൂപയും ചേർത്തിട്ടുണ്ട്.
2.സീവേജ് & ഡ്രെയ്നേജ് ഇനത്തിൽ ആസ്തി ഭാഗത്ത് രേഖപ്പെടുത്തലുകളില്ല . എന്നാൽ പ്രസ്തുത ഇനത്തിൽ ഡിപ്രീസിയേഷൻ ആയി 712034 രൂപ ചേർത്തിട്ടുണ്ട്

1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അതുകൊണ്ടു തന്നെ വിവിധ പത്രികകളിൽ ഡെപ്പോസിറ്റ് ഇനത്തിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

1-1-7 സുലേഖ ചെലവു പത്രികയിലെ കണക്കുകളും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

2023-24 സാമ്പത്തിക വർഷം ഫണ്ടിന്റെ അപര്യാപ്തത കാരണവും മറ്റ് കാരണങ്ങളാലും മാറാൻ സാധിക്കാത്ത ബില്ലുകളും അപ്രോപ്രിയേഷൻ കൺട്രാൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടു തന്നെ സുലേഖ ചെലവു പത്രിക പ്രകാരമുള്ള കണക്കുകളും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	സുലേഖ ചെലവു പത്രിക പ്രകാരം ചെലവ് (₹)	ഇൻകം & എക്സ്പെന്റിച്ചർ പത്രിക ഐ -6 ഷെഡ്യൂളിലേക്ക് ജേണൽ ചെയ്ത വരവ് (₹)	ആർ പി 7 ഷെഡ്യൂളിലേക്ക് ജേണൽ ചെയ്ത വരവ് (₹)	എ സി ആർ പ്രകാമുള്ള ചെലവ് (₹)
വികസന ഫണ്ട് ജനറൽ	17521319	17521319	17372140 (149179രൂപ കാപ്പിറ്റൽ കോൺടിബ്യൂഷൻ)	2,10,15,750
വികസന ഫണ്ട് –	23,07,600	23,07,600	23,07,600	32,89,000

എസ് സി പി				
സംരക്ഷണ ഗ്രാന്റ് – റോഡിതരം	78,46,714	75,94,004	78,46,714	86,19,968

കൃത്യമായ കണക്കുകൾ പരിശോധനയ്ക്കായി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

1-1-8 ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല

2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം വാടകയിനത്തിൽ തൻവർഷം ₹1,82,676 യും മുൻവർഷങ്ങളിൽ ₹10,73,101 യും കുടിശ്ശികയുണ്ട്. വാടക പിരിവ് സംബന്ധിച്ച് സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ 2023-24 സാമ്പത്തിക വർഷത്തിൽ എത്ര തുക പിരിച്ചെടുക്കുവാനുണ്ടെന്നും കുടിശ്ശിക എത്രയുണ്ടെന്നുമുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല (പിരിച്ചെടുത്ത വാടകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്). പ്രസ്തുത രജിസ്റ്ററിൽ വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തത് അപാകമാണ്.

1-2 ബജറ്റ്

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 25.03.2023 തീയതിയിലെ ഭരണ സമിതി തീരുമാനം നമ്പർ 1/1 പ്രകാരവും പുതുക്കിയ ബജറ്റ് 08.02.2024 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	1,45,89,350	1,64,90,164
വരവ്	6,17,23,000	6,00,59,000
ആകെ	7,63,12,350	7,65,49,164
ചെലവ്	5,85,73,089	5,81,02,840
നീക്കിയിരിപ്പ്	1,77,39,261	1,84,46,324

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	3,16,46,665
വരവ്	6,17,85,015
ആകെ	9,34,31,680
ചെലവ്	8,14,85,467
നീക്കിയിരിപ്പ്	1,19,46,213
വരവ് നഷ്ടം	ഇല്ല
ചെലവ് നഷ്ടം	ഇല്ല
തടസ്സപ്പെടുത്തിയ തുക	₹85,16,666

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ് (ലാപ്സായ തുക)

വികസന ഫണ്ട്-ജനറൽ	0	2,10,47,000	2,10,47,000	1,75,21,319(*)	35,25,681
വികസന ഫണ്ട്-എസ്.സി.പി	0	32,89,000	32,89,000	23,07,600(*)	9,81,400
മെയിന്റനൻസ് ഗ്രാന്റ് , റോഡിതരം	0	1,07,53,400	1,07,53,400	78,46,714(*)	29,06,686
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ്	84,83,425	26,14,000	1,10,97,425	41,47,360	69,50,065
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ്, ബേസിക്ക്	33,31,276	38,34,802	71,66,078	37,50,666	34,15,412
ഹെൽത്ത് ഗ്രാന്റ്	6,39,083	23,624 (പലിശ)	6,62,707	4,94,996	1,67,711
ടി.എസ്.സി	593185	477068	1070253	448192	622061
ഐ സി ഡി എസ്	896778	--	896778	0	896778
കേരളോത്സവം	123420	102720	226140	100000	126140
പ്രത്യേകോദ്ദേശ്യ പദ്ധതി	146858	136636	283494	132205	151289
നിർമ്മൽ പുരസ്കാരം	406710	--	406710	—	406710

(*)അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവും നീക്കിയിരിപ്പും സുലേഖ ചെലവു പത്രിക പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഓഡിറ്റ് വർഷം മാറാത്ത ബില്ലുകളും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വന്നിട്ടുണ്ട്. കൃത്യമായ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

ധനകാര്യ കമ്മീഷൻ അവാർഡ് – 23100രൂപയുടെ ചെലവ് സുലേഖ ചെലവു പത്രികയിൽ വന്നിട്ടില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	പൂർത്തീകരിച്ചത്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
113	77582471	81	38149327	21	60	32	53%

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

ക്രമനം	നിർവ്വഹണ ഉദ്യോഗസ്ഥൻ	പദ്ധതികളുടെ എണ്ണം	നടപ്പിലാക്കിയത്	അടങ്കൽ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിച്ച തുകയുടെ ശതമാനം
1	സെക്രട്ടറി	36	29	20811926	11888038	57

2	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	4	3	1275000	250459	20
3	മെഡിക്കൽ ഓഫീസർ സി.എച്ച്.സി	13	12	12648428	9663306	76
4	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ	4	3	3965431	2271318	57
5	അസിസ്റ്റൻറ് എഞ്ചിനീയർ	34	16	24984684	6053837	24
6	ശിശു വികസന പ്രോജക്ട് ഓഫീസർ	8	7	4333445	2711915	63
7	പട്ടിക ജാതി വികസന ഓഫീസർ	6	3	1558878	606775	39
8	വ്യവസായ വികസന ഓഫീസർ	1	1	804000	603000	75
9	ക്ഷീര വികസന ഓഫീസർ	7	7	7200679	4100679	57
	ആകെ	113	81	7,75,82,471	3,81,49,327	49%

ക്രമ നമ്പർ 2,5,7 ചെലവു ശതമാനം വളരെ കുറവാണ്. ഏറ്റെടുത്ത പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതിലേക്കായി വിഷയം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.24 ന് രാവിലെ 11.15ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനാ സമയത്ത് ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

1-7 ആഭ്യന്തര നിയന്ത്രണം

സ്റ്റാഫ് മീറ്റിംഗ്

ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനായി ജീവനക്കാരുടെ യോഗം കൃത്യമായ ഇടവേളകളിൽ ചേർന്ന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നുണ്ട്. ലൈഫ് ഭവന പദ്ധതികളുടെ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പുരോഗതി , ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ , മാലിന്യ സംസ്കരണം തുടങ്ങിയ വിഷയങ്ങളും ചർച്ച ചെയ്യപ്പെടുന്നുണ്ട്.

വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യ പത്രികയിൽ ബാങ്ക്-ട്രഷറി അക്കൗണ്ടുകളുടെ വിവരങ്ങൾ ചേർക്കുന്ന ഷെഡ്യൂളുകളിൽ അക്കൗണ്ട് നമ്പറും ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബി 4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി വരുന്ന എല്ലാ ഹെഡുകളിലുമുള്ള തുക സൂക്ഷിച്ചിരിക്കുന്ന അക്കൗണ്ടുകളുടെ വിവരങ്ങൾ ബി 17, ആർ പി 40ബി ഷെഡ്യൂളുകളിലും വരുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ആസ്തികളുടെ കൃത്യമായ മൂല്യനിർണ്ണയം നടത്തിയിട്ടില്ല എന്നത് അപാകമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത ആസ്തികളുടെ മൂല്യവും ബി 11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.(ഉദാ- റോഡ്)

നൂതന പ്രോജക്ടുകൾ

നൂതന പ്രോജക്ടുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സബ്സിഡി മാർഗ്ഗരേഖയിലും പദ്ധതി മാർഗ്ഗരേഖയിലും പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടു മാത്രം മേഖലകൾ തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ചു കൊണ്ട് നൂതന പ്രോജക്ടുകൾ ഏറ്റെടുക്കാൻ കഴിയില്ല എന്ന കാര്യവും ശ്രദ്ധയിൽ പെടുത്തുന്നു.

1-8 ഭരണ സമിതി മീറ്റിംഗ് മിനുട്സ്, സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിംഗ് മിനുട്സ് ഇവ അംഗീകാരത്തിനയക്കുന്നതിനും അംഗീകരിക്കുന്നതിനും കാലതാമസം വരുത്തുന്നു.

കേരള പഞ്ചായത്ത് രാജ് (യോഗ നടപടിക്രമങ്ങൾ) ചട്ടങ്ങൾ പ്രകാരം , യോഗനടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. സെക്രട്ടറി തയ്യാറാക്കിയ യോഗ നടപടിക്കുറിപ്പിന്റെ നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കുറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതാണ്.അദ്ധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻ തന്നെ അത് മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26(4), 26(6), 26(8) ഇവ കാണുക) . 2023-24 സാമ്പത്തിക വർഷത്തെ 27 യോഗങ്ങളിലെ ഭരണസമിതി തീരുമാനങ്ങളും അംഗീകാരത്തിനയക്കുമ്പോൾ പ്രസ്തുത സമയ പരിധി പാലിക്കപ്പെട്ടിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	യോഗം ചേർന്ന തീയതി	അംഗീകാരത്തിനയച്ച തീയതി	അംഗീകരിച്ച തീയതി
1	3.5.23	12.06.23	12.06.23
2	08.09.23	16.10.23	16.10.23
3	30.11.23	22.12.23	24.12.23
4	13.03.24	16.05.24	16.05.24

ചട്ടപ്രകാരമുള്ള സമയക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-9 ഓൺഗ്രിഡ് സോളാർ പാനൽ - കെ എസ് ഇ ബി യിൽ നിന്നുള്ള വിഹിതം ലഭ്യമായിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും ഇരിവേരി സി എച്ച് സി യിലും മുൻവർഷങ്ങളിലെ (2016-17,17-18) വാർഷിക പദ്ധതികളുടെ ഭാഗമായി സ്ഥാപിക്കപ്പെട്ട ഓൺഗ്രിഡ് സോളാർ പവർ പാനലുകളുടെ സോളാർ മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിലുള്ള ബങ്ക്ഡ് യൂനിറ്റ് കണക്കാക്കി കെ എസ് ഇ ബി യിൽ നിന്നുള്ള വിഹിതം 2019 സെപ്തംബർ മാസം വരെ മാത്രമാണ് ലഭിച്ചിട്ടുള്ളത്. പ്രതിവർഷ സ്റ്റേറ്റ് മെന്റ് കെ എസ് ഇ ബി യിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതും വിഹിതം ലഭിക്കാത്തതിനുള്ള കാരണം പരിശോധിക്കപ്പെടേണ്ടതുമാണ്. സോളാർ പാനലുകളുടെ സംരക്ഷണത്തിനും യഥാസമയങ്ങളിലുള്ള അറ്റകുറ്റപ്പണികൾ നടത്തി പൂർണ്ണതോതിലുള്ള ഉൽപ്പാദനം ഉറപ്പു വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതിലേയ്ക്ക് പ്രസ്തുത വിഷയം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

1-10 കെട്ടിട വാടക വരവ് - പൊതു അപാകങ്ങൾ

1)എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊയ്യോട് മിനിവ്യവസായ എസ്റ്റേറ്റ്, ഷോപ്പിങ് കോംപ്ലക്സ് എന്നിവയിൽ നിന്നുള്ള വാടക പിരിവ് സംബന്ധിച്ച് സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ 2023-24 സാമ്പത്തിക വർഷത്തിൽ എത്ര തുക പിരിച്ചെടുക്കുവാനുണ്ടെന്നും കുടിശ്ശിക എത്രയുണ്ടെന്നുമുള്ള വിവരങ്ങൾ (ഡി.സി.ബി. സംക്ഷിപ്തം) രേഖപ്പെടുത്തിയിട്ടില്ല (പിരിച്ചെടുത്ത വാടകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്). പ്രസ്തുത രജിസ്റ്ററിൽ വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
2)2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം വാടകയിനത്തിൽ തൻവർഷം ₹1,82,676 യും മുൻവർഷങ്ങളിൽ ₹10,73,101 യും കുടിശ്ശികയുണ്ട്.തൻവർഷ കുടിശ്ശിക വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	വാടകക്കാരന്റെ പേര്,റൂം നമ്പർ	പ്രതിമാസ വാടക +GST (₹)	വാടക കുടിശ്ശിക (₹)	GST കുടിശ്ശിക (₹)
1	എം.പി അയ്യപ്പൻ കുട്ടി, പത്മാലയം, തയ്യിൽ,കണ്ണൂർ (കൊയ്യോട് മിനിവ്യവസായ എസ്റ്റേറ്റ്	4580+826	4580*12= 54960	826*12=9912

	– CP .XVIII 327)			
2	പി കെ രഗിനേഷ്, കോട്ടയ്യകം, പുഴാതി,കണ്ണൂർ (കൊയ്യോട് മിനി വ്യവസായ എസ്റ്റേറ്റ് -326J)	3546+640	3546*12=42552	640*12=7680
3	വി സബ്നാസ്, തൗഫീഖ്, താണ,കണ്ണൂർ (കൊയ്യോട് മിനി വ്യവസായ എസ്റ്റേറ്റ് -CP .XVII 356,357)	7097+1278	7097*12=85164	1278*12=15336
	ആകെ		182676	32928

കുടിശ്ശിക തുക പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

3) മേൽ പട്ടികയിലെ ക്രമ നമ്പർ .1 എം.പി അയ്യപ്പൻ കുട്ടി ,പത്മാലയം ,തയ്യിൽ,കണ്ണൂർ (റൂം നം. CP .XVIII 327) 12/2021 മുതലും ക്രമ നമ്പർ 2. പി കെ രഗിനേഷ്, കോട്ടയ്യകം, പുഴാതി, കണ്ണൂർ (റൂം നം.326J) 10/2020 മുതലും, വാടക അടവാക്കിയിട്ടില്ല. 4 വർഷത്തോളമായി വാടക ഒടുക്കാതെ കുടിശ്ശിക വരുത്തിയ പ്രസ്തുത വാടകക്കാരിൽ നിന്നും വാടക മുറികൾ തിരിച്ചെടുത്ത് പുനർലേലം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/23-06-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ സർക്കാർ അംഗീകൃത വാടക ബൈലോയിലെ നിബന്ധനയ്ക്ക് വിരുദ്ധമായി 3 മാസത്തിലധികമായി വാടക കുടിശ്ശിക വരുത്തിയ പ്രസ്തുത വ്യക്തികളിൽ നിന്നും വാടക മുറികൾ തിരികെ ലഭ്യമാക്കി പുനർ ലേലം ചെയ്യ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-11 സി എച്ച് സി ഇരിവേരി - എച്ച് എം സി കണക്കുകൾ തയ്യാറാക്കി ഓഡിറ്റിൽ സമർപ്പിച്ചിട്ടില്ല

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9 (1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്ന മുറയ്ക്ക് അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തികവർഷത്തെയും വാർഷിക വരവു ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള സി എച്ച് സി ഇരിവേരിയുടെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് നാളിതുവരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആശുപത്രി മാനേജിംഗ് കമ്മറ്റി ആദ്യമായി രൂപീകരിച്ചതിന്റെയും ഏറ്റവും ഒടുവിൽ പുനസംഘടിപ്പിച്ചതിന്റെയും വിശദാംശങ്ങൾ അറിയിക്കേണ്ടതും വാർഷികകണക്കുകൾ ഓഡിറ്റിന് ഹാജരാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്.

1-12 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല -₹1936850 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി,എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

പ്രൊജക്ട് നമ്പർ,പേര്	അടങ്കൽ, ഫണ്ടിനം (₹)	ചെലവ് (₹)	ബിൽ നം/ തീയതി (എ.സി.ആർ പ്രകാരം)	എൻക്വയറി നം./ തീയതി

8/24,ഐ കെ എം വിഹിതം നൽകൽ	₹33049, വികസന ഫണ്ട്	₹33049	5/12.05.23	5/25.06.24
77/24,ഐ കെ എം വിഹിതം നൽകൽ (സ്പിൽ ഓവർ)	₹3801, വികസന ഫണ്ട്	₹3801	4/12.05.23	5/25.06.24
104/24,തെരുവ് നായകളുടെ നിയന്ത്രണം - ബ്ലോക്ക് വിഹിതം നൽകൽ	₹200000, വികസന ഫണ്ട്	₹200000	60/08.08.23	8/25.06.24
152/24,ഐ.കെ.എം.മെമ്പർഷിപ്പ് ഫീസ്	₹500000, വികസന ഫണ്ട്	₹500000	335/27.03.24	10/25.06.24
154/24,ഐ.കെ.എം.മെമ്പർഷിപ്പ് ഫീസ്	₹1000000, വികസന ഫണ്ട്	₹900000	341/27.03.24	10/25.06.24
71/24,അംഗൻവാടി നിർമ്മാണത്തിലേക്ക് ബ്ലോക്ക് വിഹിതം നൽകൽ (സ്പിൽഓവർ)	₹300000, വികസന ഫണ്ട്	₹300000	38/19.07.23	11/25.06.24
	ആകെ	₹19,36,850		

പ്രസ്തുത തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്കുള്ള മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ പദ്ധതികളുടെയും ചെലവുകളുമായി ബന്ധപ്പെട്ട വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി ₹19,36,850 യുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

1-13 കൊയ്യോട് വ്യവസായ എസ്റ്റേറ്റിൽ ബോർവെൽ നിർമ്മാണം -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല- ₹127000 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പർ ,പേര്	142/24 കൊയ്യോട് വ്യവസായ എസ്റ്റേറ്റിൽ ബോർവെൽ നിർമ്മാണം
അടങ്കൽ	₹127000 ധനകാര്യ കമ്മീഷൻ അവാർഡ്
ചെലവ്	₹127000 ധനകാര്യ കമ്മീഷൻ അവാർഡ്
ബിൽ നം./തീയതി./ തുക(എ.സി.ആർ പ്രകാരം)	240/24.2.24/₹127000

കൊയ്യോട് വ്യവസായ എസ്റ്റേറ്റിൽ ബോർവെൽ നിർമ്മാണം എന്ന പ്രവൃത്തി ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിനായി 127000 രൂപ ഭൂജലവകുപ്പ്, കണ്ണൂരിന്റെ അക്കൗണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രം, തുക ക്രമീകരിച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കുന്നതിനായി 25.06.2024 ന് നൽകിയ 9ാം നമ്പർ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി ഇലക്ഷൻ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ ഭൂജലവകുപ്പിന് പ്രവൃത്തി ടെണ്ടർ എടുത്ത് നടപ്പിലാക്കാൻ സാധിച്ചില്ലായെന്നും പ്രവൃത്തി മഴ കഴിഞ്ഞ ഉടൻ തന്നെ ഏറ്റെടുത്ത് നടപ്പിലാക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഭൂജലവകുപ്പ് അറിയിച്ചിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ ₹127000 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-14 സമഗ്ര തുടർ സാക്ഷരതാ പരിപാടി - പട്ടികജാതി വിഭാഗത്തിൽ പെടുന്ന പഠിതാവിന് കോഴ്സ് ഫീസ് അടവാക്കി.₹2600യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പർ ,പേര്	7/24 ,സമഗ്ര തുടർ സാക്ഷരതാ പരിപാടി

അടങ്കൽ	₹26000 വികസനഫണ്ട്
ചെലവ്	₹26000 വികസനഫണ്ട്
ബിൽ നം./തീയതി/തുക	219/15.02.24/26000

മേൽ പ്രൊജക്ട് പ്രകാരം ഹയർ സെക്കണ്ടറി പഠന കോഴ്സിന് ₹300 രജിസ്ട്രേഷൻ ഫീസും ₹2300കോഴ്സ് ഫീസും ഉൾപ്പെടെ ഒരു പഠിതാവിന് ₹2600 നിരക്കിൽ കേരള സംസ്ഥാന സാക്ഷരതാ മിഷന് തുക അനുവദിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ സ.ഉ (കൈ)നം 115/22/തസ്വഭവ തീയതി 28-5-22 ഖണ്ഡിക 7.4.5 പ്രകാരം സംസ്ഥാന സാക്ഷരത മിഷന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് തുല്യത പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്,കോഴ്സ് ഫീസ് തുടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
കേരള സാക്ഷരത മിഷന്റെ പത്താം തരം,ഹയർ സെക്കന്ററി തുല്യത കോഴ്സുകളുടെ പ്രോസ്പെക്ടസ് പ്രകാരം പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെടുന്ന പഠിതാക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം കോഴ്സ് ഫീസ് അടവാക്കേണ്ടതില്ല. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന റീഷ കൊയിലേരിയൻ എന്ന കുട്ടിക്ക് വേണ്ടി കോഴ്സ് ഫീസ് അടവാക്കിയിട്ടുണ്ട്. ആയതിന് മറുപടി ലഭ്യമാക്കുന്നതിനായി 25.06.2024 ന് നൽകിയ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കുട്ടിയുടെ ജാതിസർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാൽ ജനറൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് തുക നൽകിയതെന്നാണ് അറിയിച്ചത്. മറുപടി തൃപ്തികരമല്ല. ₹2600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 ആർ ആർ.എഫ് കേന്ദ്രത്തിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ - പ്രവർത്തനക്ഷമമാക്കിയിട്ടില്ല.₹552850 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പർ ,പേര്	56/24,ആർ.ആർ.എഫ്. കേന്ദ്രത്തിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ
അടങ്കൽ ₹614200	₹614100 (ധനകാര്യ കമ്മീഷൻ അവാർഡ്) ₹ 100 (തനത് ഫണ്ട്)
ചെലവ്	₹552850 (ധനകാര്യ കമ്മീഷൻ അവാർഡ്)
ബിൽനം./തീയതി (എ.സി.ആർ പ്രകാരം)	307/25.03.24

മേൽ പദ്ധതി പ്രകാരം ആർ.ജെ എന്റർപ്രൈസസ്, കാടാമ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും പെരളശ്ശേരിയിലുള്ള ആർ ആർ എഫ് കേന്ദ്രത്തിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങുന്നതിന് വേണ്ടി ജി.എസ്.റ്റി ഉൾപ്പെടെ 552850 രൂപ ചെലവഴിച്ചിട്ടുണ്ട്
(ബെയിലിംഗ് മെഷീൻ - 493000, ഹൈഡ്രോളിക് ഓയിൽ 59850). ബെയിലിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരങ്ങൾ, ഇൻസ്റ്റലേഷൻ റിപ്പോർട്ട്, ആർ ആർ എഫ് നിർമ്മാണം പൂർത്തിയായിട്ടുണ്ടോയെന്നുള്ള വിവരങ്ങൾ സഹിതം ലഭ്യമാക്കുന്നതിന് 25.06.2024 ന് നൽകിയ 7ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഫയർ & റസ്ക്യൂ എസ്റ്റിമേറ്റിനായും വൈദ്യുതി കണക്ഷന് വേണ്ടിയും അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് പൂർത്തിയാക്കിയാൽ ബെയിലിംഗ് മെഷീൻ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തിക്കുന്നതായിരിക്കുമെന്നും മറ്റ് അനുബന്ധ പ്രവൃത്തികൾ പൂർത്തിയാക്കി ഈ വർഷം തന്നെ ആർ ആർ എഫ് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ മേൽ ചെലവഴിച്ച 552850 രൂപ തടസ്സപ്പെടുത്തുന്നു. ആർ ആർ എഫ് കേന്ദ്രം എത്രയും പെട്ടെന്ന് പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-16 സൈലേജ് ടിഎം ആർ നിർമ്മാണ യൂണിറ്റ് നിർമ്മാണം - പ്രൊക്യൂർമെൻറ് കമ്മിറ്റി/ ഭരണസമിതിയുടെ അനുമതിയില്ലാതെ തുക ചെലവഴിച്ചതും മറ്റ് അപാകങ്ങളും - ₹1000000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര്/നമ്പർ	സൈലേജ് ടിഎം ആർ നിർമ്മാണ യൂണിറ്റ്– 49/24

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ	₹10,00,000 (വികസന ഫണ്ട് -പൊതുവിഭാഗം സാധാരണ വിഹിതം) ₹10,00,000 (ഗുണഭോക്തൃ വിഹിതം) ആകെ : ₹20,00,000
ചെലവ്	₹10,00,000 (വികസന ഫണ്ട് -പൊതുവിഭാഗം സാധാരണ വിഹിതം)
ബിൽറഫറൻസ് നം /തീയതി	₹10,00,000 – 23190163010001468827/24-03-2024

പ്രാദേശികമായി ലഭ്യമായ (പാതയോരങ്ങൾ/പുറമ്പോക്കുകൾ എന്നിവിടങ്ങളിൽ) ഗിനിപ്പുല്ലുകൾ, കാലിത്തീറ്റയായി ഉപയോഗിക്കാൻ കഴിയുന്ന മറ്റ് കാട്ടുപുല്ലുകൾ എന്നിവ ക്ഷീരശ്രീ സംവിധാനം വഴി ശേഖരിച്ച് പദ്ധതി നടത്തിപ്പിനായി നിയോഗിക്കുന്ന സംരംഭക ഗ്രൂപ്പ് വഴി സംഭരിച്ച്, സംസ്കരിച്ച് സൈലേജ് ടിഎംആർ ആക്കി വിപണനം നടത്തുന്നതിനായി ആവിഷ്ക്കരിച്ചതാണ് മേൽ പദ്ധതി.ആകെ അടങ്കൽ തുകയിൽ 10,00,000 രൂപ സൈലേജ് മെഷീൻ വാങ്ങുന്നതിനും ബാക്കി 10,00,000 രൂപ സൈലേജ് ടിഎംആർ നിർമ്മാണ പ്രക്രിയയ്ക്കും വിപണനത്തിനുമായിട്ടാണ് നീക്കി വെച്ചിട്ടുള്ളത് .പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ ഗ്രൂപ്പ് ആയ പവിഴം ആകൃിവിറ്റി ഗ്രൂപ്പ് (മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ 10 സ്ത്രീകൾ അടങ്ങുന്ന സംഘം) സൈലേജ് മെഷീൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട മുഴുവൻ ചെലവ് തുകയും അവാടെക് സൊല്യൂഷൻസ്,തളിപ്പറമ്പ എന്ന സ്ഥാപനത്തിന് നല്കിയതിനനുസൃതമായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം പവിഴം ആകൃിവിറ്റി ഗ്രൂപ്പിന്റെ (മുണ്ടേരി ഗ്രാമ പഞ്ചായത്ത്) ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തത് (A/C No.174012801200095,IFSC:KSBK00001740).

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സൈലേജ് മെഷീൻ വാങ്ങുന്നതിനായി(Silage Baler Machine 25-30Kg – 1Nos,Silage Chaffcutter Tractor Model -1 Nos) 13.12.2023 തീയതിയിൽ ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (തുക: ₹928000) അവാടെക് സൊല്യൂഷൻസ്, തളിപ്പറമ്പ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 3(7)/2023 തീയതി: 29.12.2023 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും 1.01.2024 തീയതിയിലെ നമ്പർ.5/2023 കത്ത് പ്രകാരം സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

ടെണ്ടർ സ്പെസിഫിക്കേഷനിലോ സപ്ലൈ ഓർഡറിലോ ഉൾപ്പെടാത്ത SILOWARP Wrapping Film 200 Mm – 300 Kg (₹56640/-), SILOWARP Wrapping Film 420 Mm – 200Kg (₹37760/-) എന്നിവ ഗുണഭോക്തൃ ഗ്രൂപ്പ് ആയ പവിഴം ആകൃിവിറ്റി ഗ്രൂപ്പ് വാങ്ങിക്കുകയും ഈ ഇനത്തിലെ ചെലവ് (₹72,000) ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്ന് ഗുണഭോക്തൃ ഗ്രൂപ്പിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.ടെണ്ടറിൽ പ്രതിപാദിച്ചിരിക്കുന്ന മെഷീനുകൾക്ക് പുറമെയുള്ള വാങ്ങലുകൾക്ക് പ്രൊക്യൂർമെൻറ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും അംഗീകാരം ലഭ്യമാക്കിയിട്ടില്ലെങ്കിൽ ടെണ്ടർ നിരക്കിലും അധികം തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/26.06.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

2)സ.ഉ (എം.എസ്)നം.13/2015/ITD തീയതി:12-05-2015 ഉത്തരവ് പ്രകാരം 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ടെണ്ടറുകൾക്ക് എല്ലാ വകുപ്പുകളും ബോർഡുകളും പൊതു മേഖല സ്ഥാപനങ്ങളും ഇ-ഗവണ്മെന്റ് പ്രൊക്യൂർമെൻറ് പാലിക്കേണ്ടതാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം സൈലേജ് മെഷീൻ വാങ്ങുന്നതിനായി പ്രസ്തുത വ്യവസ്ഥ പാലിക്കാതെ സാധാരണ രീതിയിലുള്ള ഓപ്പൺ ടെണ്ടർ ആണ് അവലംബിച്ചിരിക്കുന്നത്. മലയാളം ദിനപത്രത്തിൽ ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഏത് തീയതിയിലാണ് നോട്ടീസ് പ്രസിദ്ധീകരിച്ചതെന്നോ ഏത് പത്രമാണെന്നോ വ്യക്തമല്ല. ഇംഗ്ലീഷ് ദിനപത്രത്തിൽ പരസ്യം നല്കിയിട്ടുമില്ല. ഇ-പ്രൊക്യൂർമെൻറ് രീതി അവലംബിക്കാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യാപക പ്രചാരം നല്കാതെ വാങ്ങൽ നടത്തിയത് അപാകമാണ്.

3)നൂതന പ്രോജക്ടായാണ് പദ്ധതി വിഭാവനം ചെയ്ത് അംഗീകാരം വാങ്ങിയിട്ടുള്ളതെങ്കിലും നൂതന പ്രോജക്ട് അംഗീകരിക്കുന്നതിനുള്ള ജില്ലാതല വിദഗ്ദ സമിതിയുടെ മിനുട്സിൽ (08.08.2023 ക്രമനമ്പർ 18) വെറ്റിംഗ് ഓഫീസറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിദഗ്ദ്ധ സമിതി പരിശോധിക്കേണ്ടതായി പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുള്ള മേഖലകൾ (പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ രേഖ സ.ഉ(കൈ)നം.84/2022/LSGD, തീയതി :19-04-2022 ഖണ്ഡിക 3.8.5) പരിശോധിക്കുകയോ സബ്സിഡി പരിധി ആയതിനനുസൃതമായി നിശ്ചയിക്കുകയോ ചെയ്യാതിരുന്നത് അപാകമാണ്.

വനിതാ ഗ്രൂപ്പുകൾക്ക് പദ്ധതി നിർവ്വഹണത്തിനായി അനുവദിക്കാവുന്ന പരമാവധി സബ്സിഡി 375000 രൂപയാണെന്നിരിക്കെ (പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022/LSGD, തീയതി :28-05-2022 ഖണ്ഡിക 6.5.2(4)) 10 ലക്ഷം രൂപ അനുവദിച്ചത് മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമാണ്. മേൽ പറഞ്ഞിരിക്കുന്ന അപാകങ്ങൾക്ക് മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ 1000000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 സ്വാഭിമാൻ പദ്ധതി-രേഖകൾ ഹാജരാക്കാത്തത് -₹3250 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണഉദ്യോഗസ്ഥൻ	സി.ഡി.പി.ഒ.- എടക്കാട് അഡിഷണൽ
പ്രോജക്ട്നം	43/2024
പ്രോജക്ടിന്റെ പേര്	സ്വാഭിമാൻ.
അടങ്കൽ	₹100000(വികസനഫണ്ട്)
ചെലവ്	₹71779.
ബിൽ നം/തീയതി/തുക	(1)23190163009600825047/ 22.11.2023/ ₹15900. (2)23190163009600833216/ 22.11.2023/ ₹18104. (3)23190163009601009345/ 29.12.2023/ ₹9875. (4)23190163009601009362/ 30.12.2023/ ₹16900. (5)23190163009601009365/ 30.12.2023/ ₹7750. (6)23190163009601528482/ 23.3.2024/₹3250.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലെ ഹയർസെക്കന്ററി തലത്തിലുള്ള വിദ്യാർത്ഥികൾക്ക് കൗൺസലിംഗ് നല്കുകയാണ് പദ്ധതി ലക്ഷ്യം.പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ക്രമ നമ്പർ 6 പ്രകാരമുള്ള 3250 രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

2.മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.16/2023-24/26.6.2024)മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാൽ 3250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.മോണിറ്ററിംഗ് റിപ്പോർട്ടും ചെലവു രേഖകളും ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

1-18 സ്ത്രീ പദവി പഠനം-അപാകങ്ങൾ.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സി.ഡി.പി.ഒ.,എടക്കാട് അഡിഷണൽ
പ്രോജക്ട്നം	119/2024
പ്രോജക്ടിന്റെ പേര്	സ്ത്രീ പദവി പഠനം
അടങ്കൽ	₹2,29,927(വികസനഫണ്ട്)

ചെലവ്	₹85,625.
ബിൽ നം/തീയതി/തുക	(1)231901630096003350 91/19.7.2023/ ₹35000. (2)231901630096015285 57/23.3.2024/ ₹15235. (3)231901630096015288 65/ 25.3.2024/₹8090. (4)231901630096015492 26/25.3.2024/ ₹27300.

സ്ത്രീ പദവി പഠനത്തിന്റെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനായാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.
വിവരശേഖരണം,വിവര വിശകലനങ്ങൾ , കൂടിയിരിപ്പുകൾ, പരിശീലനങ്ങൾ , ഡോക്യുമെന്റേഷൻ , വികസന സെമിനാർ, സംഘാടനവുമായി ബന്ധപ്പെട്ട യാത്രാചെലവ് , 2022-23 ലെ പരിശീലന ചെലവ് .
പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.
1. സ്ത്രീ പദവി പഠനം ബ്ലോക്ക് തലത്തിൽ ഏത് രീതിയിലാണ് നടത്തിയതെന്നോ ഗ്രാമപഞ്ചായത്തുകളിൽ നടത്തുന്ന സമാന പദ്ധതികളുമായി സംയോജിപ്പിച്ചാണോ പദ്ധതി ആസൂത്രണം ചെയ്തത് എന്നോ വ്യക്തമാക്കിയിട്ടില്ല.
2.ക്രമ നമ്പർ 1-ൽ ഉൾപ്പെട്ട തുക,ഭക്ഷണം വിതരണം നടത്തിയതിനും വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ക്ലാസ്സ് കൈകാര്യം ചെയ്തതിനും മറ്റുമായി 12 പേരുടെ അക്കൗണ്ടുകളിലേയ്ക്ക് നല്കിയിട്ടുണ്ട്. തുക അതത് വ്യക്തികൾ കൈപ്പറ്റിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3.പദ്ധതിയുടെ ഭാഗമായി 13.2.2023,15.2.2023 തീയതികളിൽ ക്ലാസ്സ് കൈകാര്യം ചെയ്തതിന് ശ്രീമതി.ഗിരിജ കല്യാടന് 20166506575 എന്ന അക്കൗണ്ട് നമ്പറിൽ 1500 രൂപയും, 13.2.2023, 14.2.2023, 15.2.2023, 16.2.2023 തീയതികളിൽ ക്ലാസ്സ് കൈകാര്യം ചെയ്തതിന് ശ്രീമതി.വി.കെ.പ്രകാശിനിക്ക് 35049704671എന്ന അക്കൗണ്ട് നമ്പറിൽ 3000 രൂപയും അനുവദിച്ചിട്ടുണ്ട്.പ്രസ്തുത ക്ലാസ്സ് നടത്തിയ സ്ഥലം,ക്ലാസ്സിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.
4.ക്രമ നമ്പർ 3-ൽ ഉൾപ്പെട്ട തുകയിൽ നിന്ന് ബിൽ നം.1302 തീയതി 21.2.2024 പ്രകാരം 6100രൂപയും ബിൽ നം.1301 തീയതി 22.2.2024 പ്രകാരം 6275രൂപയും ഉൾപ്പെടെ 12375രൂപ ഭക്ഷണം വിതരണം ചെയ്ത വകയിൽ ശ്രീമതി.വി.കെ.ശൈലജയുടെ 42172200208390 എന്ന അക്കൗണ്ട് നമ്പറിൽ അനുവദിച്ചിട്ടുണ്ട് . ഏതൊക്കെ പരിപാടികൾക്ക് വേണ്ടിയാണ് പ്രസ്തുത തുക ചെലവഴിച്ചതെന്ന് അറിയിച്ചിട്ടില്ല.

5.മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.17/2023-24/26.6.2024)മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതും സമാന അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-19 സ്ത്രീ പദവി പഠനം വുമൺ ഫെസിലിറ്റേറ്റർമാരുടെ ഓണറേറിയം നൽകൽ-രേഖകൾ ഹാജരാക്കിയില്ല-₹99733 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണഉദ്യോഗസ്ഥൻ	സി.ഡി.പി.ഒ,എടക്കാട് അഡിഷണൽ
